**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1442** **10-10-2024 - ൽ മറുപടിയ്ക്ക്**

**ഓൺലൈൻ ഭക്ഷണ വിതരണ തൊഴിലാളികളുടെ തൊഴിൽ സുരക്ഷയും ആനുകൂല്യങ്ങളും**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.പി.മോഹനൻ | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ഓൺലൈൻ ഭക്ഷണ വിതരണ തൊഴിലാളികളുടെ തൊഴിൽ സുരക്ഷയും ആനുകൂല്യങ്ങളും ഉറപ്പ് വരുത്താൻ നിയമ നിർമ്മാണം നടത്താൻ പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | ഉണ്ട്. സംസ്ഥാനത്ത് ഓൺലൈൻ ഭക്ഷണ വിതരണക്കാർ ഉൾപ്പെടെയുള്ള പ്ലാറ്റ്ഫോം അധിഷ്ഠിത ഗിഗ് തൊഴിലാളികളുടെ തൊഴിൽ നിലവാരം, ക്ഷേമപ്രവർത്തനങ്ങൾ, സേവന വ്യവസ്ഥകൾ എന്നിവ ക്രമീകരിക്കുന്നതിനും അവരെ സേവനദാതാക്കളുമായോ ഉപഭോക്താക്കളുമായോ ബന്ധിപ്പിക്കുന്ന അഗ്രഗ്രേറ്റർമാരുടെ നിയന്ത്രണം, ചുമതലകൾ എന്നിവ വ്യവസ്ഥചെയ്യുന്നതിനുമായി നിയമ നിർമ്മാണം നടത്തുന്ന വിഷയം സർക്കാരിന്റെ പരിഗണനയിലാണ്. |
| (ബി) | പ്രസ്തുത കാര്യത്തിൽ സ്വീകരിച്ചുവരുന്ന നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ? | (ബി) | സംസ്ഥാനത്ത് ഓൺലൈൻ ഭക്ഷണവിതരണ മേഖലയിലെ തൊഴിലാളികളുടെ പ്രശ്നങ്ങൾക്ക് ശാശ്വത പരിഹാരം കാണുന്നതിനുതകുന്ന മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നതിനായി സാങ്കേതിക രംഗത്ത് വൈദഗ്ദ്ധ്യമുള്ള വിവിധ മേഖലകളിലെ പ്രതിനിധികളെ ഉൾപ്പെടുത്തി ഒരു കമ്മിറ്റി രൂപീകരിക്കുകയും ഓൺലൈൻ ഭക്ഷണവിതരണക്കാർ ഉൾപ്പെടെയുള്ള പ്ലാറ്റ്ഫോം അധിഷ്ഠിത ഗിഗ് തൊഴിലാളികളുടെ പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിനുതകുന്ന സമഗ്രമായ നിയമ നിർമ്മാണം നടത്തുന്നതിലേക്കായി കേരള സംസ്ഥാന പ്ലാറ്റ്ഫോം അധിഷ്ഠിത ഗിഗ് തൊഴിലാളി (രജിസ്ട്രേഷനും ക്ഷേമവും) കരട് ബിൽ തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്. നിയമ നിർമ്മാണത്തിനാവശ്യമായ മറ്റ് നടപടിക്രമങ്ങൾ പുരോഗമിക്കുന്നു. |

സെക്ഷൻ ഓഫീസർ